(ബി) പട്ടികജാതിക്കാർ എത്ര ;

(സി) 1982-83-ൽ കർഷക തൊഴിലാളി പെൻഷൻ ലഭിച്ചവരിൽ സ്ത്രീകൾ എത്ര ;

(ഡി) പട്ടികജാതിക്കാർ എത്ര ?

ഉത്തരം

(എ) 1,05,126
(ബി) 33,304
(സി) 50,754
(ഡി) 16,078

## ലിബിയയിലേക്കു അയയ്ക്കുന്നതിനു ഡോക്ടർമാരിൽ നിന്നും ഈടാക്കിയ സർവ്വീസ് ചാർജ്

1051 [1557] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യം ബഹു. തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓവർസീസ് ഡവലപ്പ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൽട്ടൻസ് എന്ന സ്ഥാപനം എത്രനാളും മാസങ്ങൾക്കു മുമ്പ് ഡോക്ടർമാരിൽ നിന്നും 6000 രൂപ ലിബിയയിലേക്കു അയയ്ക്കുന്ന സർവ്വീസ് ചാർജായി വാങ്ങിയിട്ടുണ്ടോ ;

(ബി) ലിബിയയിലുണ്ടായ ബോംബാക്രമണത്തെത്തുടർന്നു പോകാൻ കഴിയാതിരുന്ന ഡോക്ടർമാർക്ക് ഈ തുക തിരിച്ച് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഈ തുക പലിശസഹിതം തിരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുകളിൽ പറഞ്ഞ തുകയിൽ 1,500 രൂപ എമിഗ്രേഷൻ ആക്ട് പ്രകാരം ഓരോ ഉദ്യോഗാർത്ഥിയിൽനിന്നും ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതും ബാക്കി തുക ഓരോ ഉദ്യോഗാർത്ഥിയുടെയും യാത്രയ്ക്കാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുവേണ്ടി 'സർവ്വീസ് ചാർജായി' കമ്പനി ഈടാക്കിയിട്ടുള്ളതുമാണ്. ലിബിയായിലുണ്ടായ ബോംബാക്രമണത്തെത്തുടർന്നുണ്ടായ പ്രശ്നങ്ങൾ കെട്ടടങ്ങിയതിനുശേഷം 'എക്സ്റേണൽ അഫയേഴ്സ് മിനിസ്ട്രിയുടെയും' ഇൻഡ്യാ ഗവൺമെന്റിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെയും' ക്ലിയറൻസ് കിട്ടിയതിനുശേഷമാണ് ഡോക്ടർമാരെ വീണ്ടും ലിബിയയിലേക്കു അയച്ചത്. അപ്പോൾ പോകാതിരുന്ന ഡോക്ടർമാരുടെ യാത്രക്കാവശ്യമായ മറ്റെല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിരുന്നതിനാലും അവരുടെ യാത്രയ്ക്കു കമ്പനിയുടെ ഭാഗത്തു നിന്നും യാതൊരു വീഴ്ചയും ഇല്ലാതിരുന്നതിനാലും ഇവരിൽ നിന്നും ഈടാക്കിയ തുക തിരിച്ച് നൽകേണ്ടതില്ലായെന്നു തീരുമാനിച്ചിരിക്കുകയാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly